

TUESDAY 28-09-2021 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : George Sebastian  Editor : Dr Asha T T

**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) –28/09/2021

1. കാർഷിക രംഗത്തെ സമഗ്ര പുരോഗതിക്കായി നൂതന ജലസേചന രീതികൾ പ്രോത്സാഹിപ്പിക്കുക, ജല ഉപയോഗക്ഷമത വർധിപ്പിക്കുക, ഉയർന്ന ഉത്പാദനം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ കൂടി കൃഷിവകുപ്പ് നടപ്പാക്കുന്ന പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതിയിൻ പ്രകാരം ടിപ്പ്, സ്പ്രിങ്ക്ളർ തുടങ്ങിയ സൂക്ഷ്മ ജലസേചന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് കണ്ണൂർ ജില്ലയിൽ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ അപേക്ഷകൾ ക്ഷണിച്ചു. ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതിച്ചെലവിന്റെ അനുവദനീയമായ തുകയുടെ 80 ശതമാനവും മറ്റു കർഷകർക്ക് പദ്ധതിച്ചെലവിന്റെ 70 ശതമാനവും നിബന്ധനകളോടെ ധനസഹായമായി ലഭിക്കും. നിശ്ചിത മാതൃകയിലുള്ള അപേക്ഷയുടെ പകർപ്പ് ജില്ലയിലെ കൃഷിഭവനുകളിലും കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ജില്ലയിലെ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ അടുത്തുള്ള കൃഷിഭവനുമായോ ഇനി പറയുന്ന ഫോൺ നമ്പരുകളിലോ ബന്ധപ്പെടാവുന്നതാണ്. ഫോൺ നമ്പർ 9 3 8 3 4 7 7 2 0 5 0 / 9 3 8 3 4 7 2 0 5 1 / 9 3 8 3 4 7 2 0 5 2

2. സംസ്ഥാന കൃഷിവകുപ്പിന്റെ കീഴിലുള്ള കണ്ണൂർ ജില്ലയിലെ പാട്യം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ ബയൊറിസോഴ്സ് ആന്റ് അഗ്രിക്കൾച്ചറൽ റിസർച്ച് എന്ന സ്വയംഭരണ സ്ഥാപനത്തിലേക്ക് 2021-22 പഠന വർഷത്തിലേക്കുള്ള ആനിമൽ ന്യൂട്രിഷൻ ആന്റ് ഫീഡ് പ്ലാന്റ് ടെക്ക്നോളജി, അഗ്രോ പ്രോസസിംഗ് ആന്റ് വാല്യു എഡിഷൻ, ബുച്ചറി സ്ലോട്ടർ ഹൗസ് മാനേജ്മെന്റ് ആന്റ് മീറ്റ് പ്രോസസിംഗ് എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. അടിസ്ഥാന യോഗ്യത പ്ലസ്ടു. പ്രായപരിധി 30 വയസ്സ്. താൽപര്യമുള്ള അപേക്ഷകർ വെള്ളക്കടലാസിൽ എഴുതി തയ്യാറാക്കിയ അപേക്ഷ തപാലിലോ brcmokeri@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ സർട്ടിഫിക്കറ്റിന്റെ കോപ്പി, വയസ്സു തെളിയിക്കുന്ന രേഖ എന്നിവ സഹിതം ഈ മാസം 30- നകം (സെപ്റ്റംബർ 30-നകം) അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9447242240** എന്ന നമ്പരിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. ലോക പേവിഷബാധ ദിനാചരണത്തിന്റെ ഭാഗമായി ഇന്ന് രാവിലെ 8 മണി മുതൽ ആറ്റിങ്ങൽ സർക്കാർ മൃഗാശുപത്രിയുടേയും ഇന്ത്യൻ വെറ്ററിനറി അസോസിയേഷന്റേയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ പേവിഷബാധ പ്രതിരോധ കുത്തിവയ്പ്പ് സംഘടിപ്പിക്കുന്നു. ഇതിനോടനുബന്ധിച്ച് അരുമ മൃഗങ്ങൾക്ക് സൗജന്യ ആരോഗ്യ പരിശോധനയും വിരമരുന്നുകളും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ആറ്റിങ്ങൽ സർക്കാർ മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് സീനിയർ വെറ്ററിനറി സർജൻ അറിയിക്കുന്നു.

4. കേരള കാർഷിക സർവകലാശാലയുടെ കുമരകം പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ നിന്നും **ഉമ** ഇനം നെൽവിത്ത് കിലോയ്ക്ക് 42 രൂപയ്ക്കും, **കരിമുണ്ട കുരുമുളക്** തൈകൾ തൈ ഒന്നിന് 10 രൂപയ്ക്കും വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **9447703321, 9447012612** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

5. തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷക ചന്ത എല്ലാ ആഴ്ചകളിലും വെള്ളിയാഴ്ച വഴുതക്കാട് എം.പി. അപ്പൻ ഹാൾ മുറ്റത്ത് സംഘടിപ്പിക്കുന്നതാണെന്ന് പെരുങ്കടവിള കൃഷിഓഫീസർ അറിയിച്ചു.

6. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണിയിൽ പ്രവർത്തിക്കുന്ന തേനീച്ച പരാഗണ ഗവേഷണ കേന്ദ്രത്തിൽ നിന്നും രോഗവിമുക്തമായ തേനീച്ച കോളനികൾ വില്പനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ മുൻകൂർ പണമടച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. രോഗവിമുക്തമായ ഒരു ഇന്ത്യൻ തേനീച്ച കോളനിക്ക് 1400/- രൂപയാണ് സർവ്വകലാശാല നിശ്ചയിച്ചിരിക്കുന്ന വില. പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.00 മണി മുതൽ വൈകിട്ട് 4.00 മണി വരെ തേനീച്ച പരാഗണ ഗവേഷണ കേന്ദ്രത്തിൽ പണമടച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 09744660642, 08547109186 എന്നീ ഫോൺ നമ്പരുകളിൽ ഓഫീസുമായി ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

7. ആലത്തൂർ ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (സെപ്റ്റംബർ 28 ന്) രാവിലെ 11 മണിക്ക് **സാന്ദ്രീകൃത പാലുൽപ്പന്നങ്ങൾ (ഖോവ, പേഡ, ബർഫി)** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/esm-uyaj-pni എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0492 – 2226040** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

8. ഓച്ചിറ ക്ഷീരോൽപ്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 30 ന് (സെപ്റ്റംബർ 30 ന്) രാവിലെ 11 മണിക്ക് **മിൽക്ക് ലഡു, മിൽക്ക് സിപ്പ് അപ്പ്** എന്നിവ നിർമ്മിച്ച് വിപണനം ചെയ്യുന്ന

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


ഗ്ലാബ് JLG അംഗം ശ്രീമതി ലൈല അനുഭവ സമ്പത്ത് പങ്കുവയ്ക്കുന്നു. പങ്കെടുക്കാനായി http://meet.google.com/xqw-jqat-weh എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0476 – 2698550** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

9. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നാളെ (സെപ്റ്റംബർ 29) രാവിലെ 11 മണിക്ക് **വെർമി കമ്പോസ്റ്റ്, ബയോഗ്യാസ് നിർമ്മാണം** എന്ന വിഷയത്തിലും ഈ മാസം 30-ന് **സർവ്വീസ് പുസ്തകം-ശ്രദ്ധിക്കേണ്ട കാര്യങ്ങൾ** 2-ാം ഭാഗം എന്ന വിഷയത്തിലും ഗൂഗിൾ മീറ്റ് വഴി പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0481- 2302223 / 9447824520** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

10. ക്ഷീരവികസന വകുപ്പ് കോട്ടയം ജില്ലാ ക്വാളിറ്റി കൺട്രോൾ യൂണിറ്റിന്റെയും വല്ലകം ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ഇന്ന് (സെപ്റ്റംബർ 28-ന്) രാവിലെ 9.30 മണിക്ക് വല്ലകംപള്ളി പാരീഷ് ഹാളിൽ വച്ച് പാൽ ഗുണനിലവാര ബോധവൽക്കരണ പരിപാടി നടത്തുന്നു. ഇതിനോടനുബന്ധിച്ച് **പാൽഗുണനിലവാരം മെച്ചപ്പെടുത്തലും പാൽ വില നിർണ്ണയവും, ക്ഷീരവികസന പദ്ധതികൾ ക്ഷീരകർഷകരുടെ ക്ഷേമത്തിന്** എന്നീ വിഷയങ്ങളിൽ സെമിനാറും ഉണ്ടായിരിക്കുന്നതാണ്.

11. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 29, 30 തീയതികളിലായി **നായ വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 – 2732918** എന്ന ഫോൺ നമ്പരിലോ **9188522701**. എന്ന വാട്ട്സാപ്പ് നമ്പരിലോ ബന്ധപ്പെടുക.

12. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മുഖേന ഇന്ന് (സെപ്റ്റംബർ 28-ന്) **ഇറച്ചിക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താല്പര്യമുള്ളവർ **04829-234323** എന്ന ഫോൺ നമ്പറിൽ വിളിച്ചോ **9188522706** എന്ന നമ്പരിൽ പേരും പരിശീലന വിഷയവും വാട്സ് ആപ് സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യേണ്ടതാണ്.

13. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ** എന്നിവയിൽ ഈ മാസം 29,30 (സെപ്റ്റംബർ 29, 30) തീയതികളിൽ

രാവിലെ 10.00 മുതൽ  ഉച്ചയ്ക്ക് ഒരു മണി വരെ ഓൺലൈൻ പരിശീലനം നടത്തുന്നു. **റബ്ബർപാൽസംഭരണം, ഷീറ്റുറബ്ബർനിർമ്മാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ** എന്നിവയാണ് പരിശീലനവിഷയങ്ങൾ. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം